# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ആഗസ്റ്റ് 8-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -17)


884)കെ.എസ്.എഫ്.ഇ. ചിറ്റാളന്മാർക്ക് നൽകുന്ന പ്രോൽസാഹനങ്ങൾ
885)'സംസ്ക്കാര ' പദ്ധതി
886)കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം
887)നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ തിരിച്ചുകൊണ്ടുവരുന്നതിന് നടപടി
888)സീഡ് അതോറിറ്റി
889)അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ
890)ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി
891)വനങ്ങളിലെ നായാട്ട് നിരോധനം
892)വിദേശ ഏജൻസികളുടെ ധന സഹായത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ
893)അനധികൃത സ്പിരിറ്റുകടത്ത് പിടിക്കുവാൻ അൾട്രാമോഡേൺ ഇലക്ടോണിക് ഉപകരണങ്ങൾ
894)വർദ്ധിച്ചുവരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് നടപടി
895)മധുരക്കള്ളിൽ നിന്ന് കേര സുധ
896) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സുഗന്ധ വ്യഞ്ജനങ്ങൾ
897) ഷോലവന സംരക്ഷണം
898) കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ
899) വനസംരക്ഷണ വിഭാഗത്തിന്റെ ആധുനികവൽക്കരണം
900) കയർമേഖലയിൽ മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് പദ്ധതി


### കെ.എസ്.എഫ്.ഇ. ചിറ്റാളന്മാർക്ക് നൽകുന്ന പ്രോൽസാഹനങ്ങൾ

*884. ശ്രീമതി മേഴ്സി രവി :
ശ്രീ. കെ.അച്ചുതൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടിയിൽ ചേരുന്ന ചിറ്റാളന്മാർക്ക് എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകിവരുന്നു ;

(ബി) ഇതിന്റെ ഫലമായി ചിട്ടി ബിസിനസ്സിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ ;

(സി) ചിട്ടി പിടിക്കുന്ന ആൾ മരണപ്പെടുന്നപക്ഷം ആ ആൾ തുടർന്ന് അടയ്ക്കാനുള്ള ചിട്ടിത്തവണകൾ അടയ്ക്കേണ്ടതില്ലെന്ന് കെ.എസ്.എഫ്.ഇ. തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതു നടപ്പാക്കിയോ ; എങ്കിൽ എന്നുമുതൽ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):**

(എ) കെ.എസ്.എഫ്.ഇ. 1975-ലെ കേരള ചിട്ടി ആക്ടിനു വിധേയമായി ചിട്ടികൾ നടത്തുന്നതുകൊണ്ട് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ നിർവ്വാഹമില്ല. എന്നാൽ കെ.എസ്.എഫ്.ഇ. ചിട്ടികളെ സ്റ്റാമ്പ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ കുറിസംഖ്യ കൈപ്പറ്റുവാൻ ജാമ്യ ഉടമ്പടി തയ്യാറാക്കുന്നതിന് സ്റ്റാമ്പ് പേപ്പർ ആവശ്യമില്ല.

(ബി) ഇതുമൂലം ബിസിനസ്സിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

### 'സംസ്ക്കാര ' പദ്ധതി

*885. ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. യു.സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സംസ്ക്കാര' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് ഇതാരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ;
(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ?

**<u>ഉത്തരം</u>**
**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.
(ബി) 11-7-2003-ൽ സംസ്ഥാനതല ഉദ്ഘാടനം നടന്നു.
(സി) നമ്മിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്ന സൗഹൃദം, സ്നേഹം, സമഭാവന തുടങ്ങിയവ മടക്കിക്കൊണ്ടുവരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് സാംസ്ക്കാരിക ഉന്നമനം നേടുകയേ പോംവഴിയുള്ളു. നാം മറന്നുപോയ നമ്മുടെതന്നെ പൈതൃകം വീണ്ടെടുക്കുക എന്നതാണാവശ്യം. ഇതിന് ഉതകുന്ന പ്രചരണപരിപാടികൾ എല്ലാ ജനങ്ങളുടേയും സഹകരണത്തോടെ സംഘടിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങൾ വഴിയാണ് ഈ പ്രചരണപരിപാടി സംഘടിപ്പിക്കുന്നത്. എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഇതു നടത്തുന്നത്.

## <u>കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം</u>

*886. ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ.: ഉമേഷ് ചള്ളിയിൽ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. കെ.കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണത്തെക്കുറിച്ചുള്ള സർക്കാർ നയം വിശദമാക്കാമോ ;
(ബി) ഈ ദിശയിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;
(സി) ഇക്കാര്യത്തിലുള്ള പുരോഗതി വിശദമാക്കുമോ ;
(ഡി) കാർഷിക മേഖലയിൽ സ്വകാര്യ-വിദേശ നിക്ഷേപം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് എന്നറിയിക്കുമോ ;
(ഇ) ഇക്കാര്യത്തിനായി ഒരു അഗ്രിക്കൾച്ചറൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (എ.ഐ.എം.) സംഘടിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**
**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) (ബി) &(സി) കാർഷിക മേഖലയിൽ സ്വകാര്യവൽക്കരണം സംബന്ധിച്ച് പ്രത്യേകനയം രൂപീകരിച്ചിട്ടില്ല. ഈ മേഖലയിലെ വിജ്ഞാനവ്യാപനം, ഗവേഷണം, ഫാമുകൾ, മണ്ണുസംരക്ഷണം, മണ്ണ്പര്യവേഷണം തുടങ്ങിയ ചില കാര്യങ്ങളൊഴികെയുള്ള മിക്കവാറും എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾതന്നെ സ്വകാര്യമേഖലയിലാണ് നടക്കുന്നത്.

(ഡി) കാർഷിക മേഖലയിലെ വിദേശനിക്ഷേപം സംബന്ധിച്ച നയം രൂപീകരിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇപ്പോഴത്തെ കേന്ദ്രനയം അനുസരിച്ച് തേയിലയൊഴികെ മറ്റു കൃഷികളിൽ വിദേശനിക്ഷേപം അനുവദനീയമല്ലെന്നാണ് മനസ്സിലാക്കുന്നത്.

മറ്റു സ്വകാര്യനിക്ഷേപം കാർഷികമേഖലയിൽ ഇപ്പോൾതന്നെയുണ്ട്. സർക്കാർ ഈ വർഷം മുതൽ നടപ്പാക്കുന്ന പഴങ്ങൾ പച്ചക്കറികൾ എന്നിവയ്ക്കുള്ള കാർഷിക കയറ്റുമതി മേഖലയ്ക്കുള്ള പദ്ധതിയിൽ സ്വകാര്യനിക്ഷേപകരുടെ വിഹിതമായി 11.86 കോടിരൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ഇവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി തയ്യാറാക്കിവരുന്ന കയറ്റുമതി മേഖലകൾക്കുള്ള പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം കൂടുതലായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദേശ വിപണിയിൽ കൂടുതൽ ഡിമാന്റ് ജൈവകൃഷിരീതി അവലംബിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കാണെന്നു മനസ്സിലാക്കി ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമുള്ള പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്.

(ഇ) ഇക്കാര്യം ആലോചിക്കാവുന്നതാണ്.

## <u>നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ തിരിച്ചുകൊണ്ടുവരുന്നതിന് നടപടി</u>

*887. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി.ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന നശീകരണത്തിലൂടെ നഷ്ടപ്പെട്ട വനസമ്പത്ത് സാമൂഹ്യവനവൽക്കരണ പദ്ധതികൾ വഴി തിരിച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഒരു വൃക്ഷം പോലും വളരാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ തൈ നടുന്ന സമ്പ്രദായം തുടർന്നു വരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സമ്പ്രദായം നിർത്തലാക്കി പകരം വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വനവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന തൈകളുടെ വളർച്ച മോണിറ്റർ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വനവൽക്കരണത്തിന്റെ പേരിൽ നടക്കുന്ന അഴിമതി ഇല്ലാതാക്കുന്നതിന് സാമൂഹ്യവനവൽക്കരണത്തിന്റെ മറവിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും പറ്റി സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാവുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ (28,588 ഹെക്ടർ കൈയ്യേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന് മുന്നോടിയായി) 57,180 ഹെക്ടർ പ്രക്ഷീണ വനത്തിൽ വനവൽക്കരണം നടത്തുന്നതിനായി പരിഹാര വനവൽക്കരണ പദ്ധതി (കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ പ്രോഗ്രാം) (100% സംസ്ഥാനവിഹിതം) എന്ന ഒരു പദ്ധതി 1993-94 വർഷത്തിൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം 2002-03 വർഷംവരെ 42,938.24 ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 14241.76 ഹെക്ടർ പ്രക്ഷീണ വനത്തിലുള്ള വനവൽക്കരണം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടരുന്നുണ്ട്.

(സി) ഇല്ല. ഗുണമേന്മ തീരെയില്ലാത്ത സ്ഥലങ്ങളാണ് സാധാരണ വൃക്ഷവൽക്കരണത്തിന് ലഭിക്കുക. അത്തരം സ്ഥലങ്ങൾക്ക് അനുയോജ്യമായ വൃക്ഷത്തൈകളാണ് നട്ടുവളർത്തുന്നത്.

(ഡി) 'സി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗവും വനംവകുപ്പിലെ വിജിലൻസ് വിഭാഗവും മറ്റ് ഏജൻസികളും മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിലും പ്രസ്തുത പരിപാടിയുടെ മൂല്യനിർണ്ണയം നടത്തിവരുന്നു.

(എഫ്) വനം വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

**<u>സീഡ് അതോറിറ്റി</u>**

*888. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കാവശ്യമായിട്ടുള്ള എല്ലായിനം വിത്തുകളും സമയബന്ധിതമായി എത്തിച്ചുകൊടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനായി ഒരു 'സീഡ് അതോറിറ്റി' രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ; ഈ അതോറിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ഡി) നെൽവിത്ത് സംഭരിക്കുന്നതിനും അത് കൃഷിക്കാരിൽ എത്തിക്കുന്നതിനേയും കുറിച്ച് കാലാകാലങ്ങളിൽ റിവ്യൂ നടത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ)&(ബി) കർഷകർക്കാവശ്യമായ വിത്തുകൾ എത്തിച്ചുകൊടുക്കുന്നതിന് സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വിത്തിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി കർഷകർക്കാവശ്യമായതും വർദ്ധിച്ച ഉൽപ്പാദനക്ഷമതയും ഗുണമേന്മയുള്ളതുമായ വിത്ത് ലഭ്യമാക്കുന്നതിന് വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള

അത്യുൽപ്പാദനശേഷിയുള്ള വിത്തുൽപ്പാദനവും വിതരണവും സീഡ് അതോറിറ്റിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

,(സി) ഉണ്ട്. അതോറിറ്റിയിലെ അംഗങ്ങളെക്കുറിച്ചും ചുമതലകളെ ക്കുറിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .

(ഡി) വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള കമ്മിറ്റി അവലോകനം നടത്താറുണ്ട്

## അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ

*889. ശ്രീ. പി. ജയരാജൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി നിയമത്തിൽ ഈ സർക്കാർ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതോ, പുറത്തേക്ക് അയയ്ക്കുന്നതോ ആയ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് നിലവിലുള്ള ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുമൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടാകുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യങ്ങൾക്ക് എത്ര ഘട്ടങ്ങളിലായാണ് നികുതി ചുമത്തുന്നതെന്ന് പറയാമോ ;

(ഇ) വിദേശ നിർമ്മിത വിദേശ മദ്യം സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ നികുതി ചുമത്തുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി നിയമത്തിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങളുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർക്കുന്നു.

(ബി) ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒരു ഘട്ടത്തിൽ മാത്രമേ എക്സൈസ് നികുതി ചുമത്തുന്നുള്ളു.

(ഇ) ഇല്ല.

## ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

890. ശ്രീ. ടി.യു രാധാകൃഷ്ണൻ
ശ്രീ എൻ.ഡി. അപ്പച്ചൻ
ശ്രീപി.ജെ. ജോയി
പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. വി.ഡി സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കഴിയുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഉണ്ടായിരുന്ന ഷോലവനങ്ങൾ കയ്യേറപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്;

(സി) കയ്യേറപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്ത ഷോലവനങ്ങൾക്കുപകരം ഇത്തരം വനങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രായോഗികമാണോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഷോലവനങ്ങൾ വച്ചുപിടിപ്പിക്കാം; പക്ഷേ മറ്റു മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനേക്കാൾ ശ്രമകരമാണ്.

(ബി) സംസ്ഥാനത്തെ റിസർവ് ഫോറസ്റ്റിന്റെ പരിധിയിൽവരുന്ന ഷോലവനങ്ങൾ കൈയേറപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവിന്റെ പരിധിയിൽ വരുന്ന മതികെട്ടാൻ ഭാഗത്ത് സംഘടിതമായി വനം കൈയേറാൻ ശ്രമമുണ്ടായിരുന്നു. സർക്കാരിന്റെ സമയോജിതമായ ഇടപെടൽമൂലം ഈ ശ്രമം പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രായോഗികമാണ്. പക്ഷേ ശ്രമകരമാണ്.

## വനങ്ങളിലെ നായാട്ട് നിരോധനം

891. ശ്രീ. ലൂഡി ലൂയിസ്
ശ്രീ കെ.എ ചന്ദ്രൻ
ശ്രീ എ. സുജനപാൽ
ശ്രീ ജി. പ്രതാപവർമ്മ തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വനങ്ങളിൽ നായാട്ട് നിരോധിച്ചിട്ടുണ്ടോ;
(ബി) എങ്കിൽ ഈ നിരോധനം കർശനമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;
(സി)ആയതിന്റെ ഫലമായി വനങ്ങളിൽ നായാട്ട് പൂർണ്ണമായും തടയുവാൻ കഴിഞ്ഞിട്ടുണ്ടൊ;
(ഡി) നായാട്ടുകാരുടെ ആധുനിക സജ്ജീകരണങ്ങളെ നേരിടുവാൻ വനംവകുപ്പുദ്യ്യോഗസ്ഥർക്ക് എന്തെല്ലാം സജ്ജീകരണങ്ങളാണ് നൽകിയിട്ടുള്ളത്?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.
(ബി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പ്രശ്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജിതമായ പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ അഅന്റീ പോച്ചിംഗ് ക്യാമ്പുകൾ ആവശ്യാനുസരണം സംതാപിച്ച് സുസജ്ജരായ സംരക്ഷണ സേനയെ വിന്യസിച്ചിട്ടുണ്ട്.
2. കൂടുതൽ വാഹനങ്ങളും, വയർലസ് ഫോൺ, എന്നീ വാർത്താവിനിമയ സൗകര്യങ്ങൾ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
3. കേസന്വേഷണം ഫലപ്രദമാക്കി കുറ്റക്കാർക്കെതിരെ 1972-ലെ വന്യമൃഗസംരക്ഷണ നിയമപ്രകാരം പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. വനം, വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രാദേശിക ജനവിഭാഗങ്ങളെക്കൂടി പങ്കാളികളാക്കുന്നതിനും, വനാശ്രിത ജനസമൂഹത്തിന്റെ ദൈനംദിനാവശ്യങ്ങളും, ക്ഷേമകാര്യങ്ങളുടെ നടത്തിപ്പും ലക്ഷ്യമിട്ടുള്ള സംരക്ഷണ ശൈലീമാറ്റവും നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. എന്നാൽ വന്യജീവികളും ജനങ്ങളും തമ്മിലുള്ള സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.
(ഡി) നായാട്ടുകാരുടെ ആധുനിക സജ്ജീകരണ്ങ്ങളെ നേരിടുവാൻ മതിയായ സംവിധാനം വനംവകുപ്പുദ്യ്യോഗസ്ഥർക്ക് ലഭ്യമല്ല. എന്നാൽ വനം വകുപ്പിൽ ആധുനികരണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അത്യാധുനിക ആയുധങ്ങളും സാറ്റലൈറ്റ് ഫോൺ നൈറ്റ് വ്യൂവിംഗ് സംവിധാനം എന്നിവയും പരിഗണനയിലുണ്ട്.

## വിദേശ ഏജൻസികളുടെ ധന സഹായത്തോടെ ഗവേഷണ പ്രവർത്തനങ്ങൾ

892. ശ്രീ. എം.വി. ജയരാജൻ
ശ്രീ രാജു എബ്രഹാം
ശ്രീമതി ഗിരിജാ സുരേന്ദ്രൻ
ശ്രീ. പി.സി ജോർജ് ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനം വകുപ്പിന്റെ ഗവേഷണ വിഭാഗത്തിന്റെ പോരായമകൾ പരിഹരിക്കുന്നതിനും കാര്യക്ഷമമായ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടൊ;
(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;
(സി) വിദേശ ഏജൻസികളുടെ ധന സഹായത്തോടെ നിലവിൽ എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് പറയാമോ;
(ഡി) വനമേഖലയിൽ കാണുന്ന എല്ലാ സസ്യങ്ങളുടെയും, ഡി.എൻന്.എ. സ്വീക്വൻസിംഗ്, ജീൻമാപ്പിംഗ് തുടങ്ങിയ അത്യാധുനിക ജനിതക ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വികരിച്ചിട്ടുണ്ടൊ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) വനംവകുപ്പിലെ ഗവേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സിൽവികൾച്ചറൽ റിസർച്ച് ഓഫീസർ എന്ന ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വനം വകുപ്പിലെ ഗവേഷണ വിഭാഗം വിഭജിച്ച് 2 ഡപ്യൂട്ടി ഫോറസ്റ്റ് കൺസർവെറ്ററ്മാരുടെ അധീനതയിൽ ആക്കുകയുണ്ടായി. ഒരാളുടെ ആസ്ഥാനം തിരുവനന്തപുരത്തും മറ്റൊന്ന് തൃശൂരുമാണ്. ഓരോന്നിന്റെ കീഴിലും 3 റിസർച്ച് യൂണിറ്റുകൾ വീതം നിലവിൽ വന്നു. അതിൽ നാലെണ്ണം അസിസ്റ്റന്റും കൺസർവേറ്റർമാരുടെ കീഴിലും രണ്ടെണ്ണം റെയിഞ്ച് ഓഫീസർമാരുടെ കീഴിലും പ്രവർത്തിച്ച് വരുന്നു. സ്വാഭാവിക വനങ്ങളുടെയും വന്യമൃഗസങ്കേതങ്ങളുടെയും തോട്ടങ്ങളുടെയും പരിപാലനത്തിലും, സംരക്ഷണത്തിലും നേരിടുന്ന പ്രശ്നങ്ങൾ ഇൻഡ്യൻ കൗൺസലർ ഓഫ് ഫോറസ്ട്രി റിസർച്ച് ആന്റ് എഡ്യൂക്കേഷൻ 1998 ൽ വനം വകുപ്പുമായി ചേർന്ന് നടത്തിയ ശിൽപ്പശാലയിൽ ചർച്ച ചെയ്യുകയും മുൻഗണനാക്രമത്തിൽ ഗവേഷണ വിഷയങ്ങളും ഓരോ വിഷയത്തിൽ വനം വകുപ്പ് നേരിടുന്ന പ്രശ്നങ്ങളും പ്രശ്ന പരിഹാരത്തിനുളള പ്രോജക്ടുകളും തെരെഞ്ഞെടുത്ത് തയ്യാറാക്കുകയും അവ നാഷണൽ ഫോറസ്ട്രി റിസർച്ച് പ്ളാനിൽ ഉൾപ്പെടുത്തുകയുമുണ്ടായി. ഈ പ്രോജക്ടുകൾ ദേശീയ ഗവേഷണ സ്ഥാപനവും മറ്റികര ഗവെഷണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുളളത്. മുൻഗണനാക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവിധ ഗവേഷണ സ്ഥാപനങ്ങൾക്ക് ഈ പ്രോജക്ടുകൾ നൽകി വതരുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തുലുകളുടെയും ശുപാർശകളുടെയും അടിസ്താനത്തിൽ വനംവകുപ്പിലെ ഗവേഷണ വിഭാഗം അവ പ്രാർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത് കൂടാതെ പ്രധാനപ്പെട്ട മരങ്ങളുടെ മേൽത്തരം തൈകൾ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട വിത്ത് ശേഖരിക്കുന്നതിന് ഗുണനിലവാരമുളള മരങ്ങൾ ഉൾക്കൊളളുന്ന സീഡ് പ്രൊഡക്ഷൻ ഏരിയാകൾ തെരെഞ്ഞെടുത്ത് ശാസ്ത്രീയമായി പരിപാലിച്ചുവരുന്നു. ഇപ്രകാരം ശേഖരിക്കുന്ന മേൽത്തരം വത്തുകൾ അവയുടെ ഗുണനിലവാരം അനുസരിച്ച് വേർതിരിച്ച് സൂക്ഷിക്കുന്നതിനും അവയുടെ ഗണഠെൻമ സാക്ഷ്യപ്പെടുത്തി വിതരണം ചെയ്യുന്നതിനം വൽക്കുന്നതിനുമായി വനംവകുപ്പ് പീച്ചിയിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഒരു സീഡ് സെന്റർ സ്ഥാപിക്കാനുളള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള അഗ്രികൾച്ചറൽ യൂണിവേഴസിറ്റിയുടെ സഹായത്തോടെ വനം വകുപ്പിലെ ഗവേഷണ വിഭാഗം തദ്ദെശീയ ഫലവൃക്ഷങ്ങളായ മാവ്, പ്ളാവ്, കുടംപുളി എന്നിവയുടെ ജൈവസമ്പത്ത് നിലനിർത്തുന്നതിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ പ്രസ്തുത ഫലവൃക്ഷങ്ങളുടെ ചെറിയ തോട്ടങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമുളള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ ഏജൻസികളുടെ ധനസഹായത്തോടെ നിലവിൽ പുതിയതായി ഗവേഷണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്നാൽ ഗുണമേൻമയുളള വിത്തുൽപ്പാദനത്തിനുവേണ്ടി 2000-ാമാണ്ടിൽ വച്ചുപിടിപ്പിച്ച 12.86 ഹെക്ടർ സീഡ് ഓർക്കാഡിന്റെയും 4.20 ഹെക്ടർ ക്ളോണൽ സീഡ് ഓർക്കാഡിന്റെയും പരിചരണ പ്രവർത്തനങ്ങൾ ലോകബാങ്കിന്റെ ധനസഹായത്തോടെ നടത്തുന്നുണ്ട്. കൂടാതെ ലോകബാങ്ക് ധനസഹായത്തോടെ തോട്ടങ്ങളുടെയും സ്വാഭാവിക വനങ്ങളുടെയും വളർച്ചാനിരക്കും മറ്റും പഠിക്കുന്നതിനുവേണ്ടി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വനപ്രദേശങ്ങളിൽ എടത്തിട്ടുളള സാമ്പിൾ പ്ളോട്ടുകളുടെ പരിചരണവും മേൽത്തരം വിത്തുല്പാദനത്തിനും ശേഖരണത്തിനുമായി തേക്ക് തോട്ടങ്ങളിൽ ശാസ്ത്രീയമായി ഇടമുറി നടത്തി സീഡ് പ്രൊഡക്ഷൻ ഏരിയാകളും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വനം വകുപ്പിൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല.

**<u>അനധികൃത സ്പിരിറ്റുകടത്ത് പിടിക്കുവാൻ അൾട്രാമോഡേൺ ഇലക്ടോണിക് ഉപകരണങ്ങൾ</u>**

893. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ എൻ. ശക്തൻ
ശ്രീ ജോർജ് ജെ. മാത്യു
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.പി.ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആധുനിക സജ്ജീകരണങ്ങളുളള ചരക്ക് വണ്ടികളും, ടാങ്കർ ലോറികളും മുഖേന അനധികൃതമായി കടത്തുന്ന സ്പിരിറ്റ് പിടിക്കുവാൻ എക്സൈസ് പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് നൽകിയിട്ടുളളത്;

(ബി) അവർക്ക് ഇതിനുവേണ്ടി എന്തെല്ലാം പരിശീലനം നൽകിയിട്ടുണ്ട്;

(സി) അവർക്ക് അൾട്രാ മോഡേൺ ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം**
**ശ്രീ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ), (ബി) & (സി) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി ഓരോവർഷവും ബഡ്ജറ്റിൽ അഞ്ചുകോടി രൂപാവീതം

വകയിരുത്തുകയും അത്യാവശ്യ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. വകുപ്പിന് ആവശ്യമായ സംവിധാനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. അതുകൊണ്ട് സ്പിരിറ്റ് കടത്തൽ പിടിക്കുവാൻ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അൾട്രാമോഡേൺ ഉപകരണങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വാഹന പരിശോധന കർശനമായും, കാര്യക്ഷമമായും നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ ആധുനീകരിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

## വർദ്ധിച്ചുവരുന്ന റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് നടപടി

894. ശ്രീ. ടി.കെ. ദേവകുമാർ
ഡോ. ഐസക് തോമസ്
ശ്രീ. ടി.കെ. ബാലൻ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വർദ്ധിച്ചുവരുന്ന റവന്യുക്കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കഴിഞ്ഞവർഷവും ഈ വർഷവും നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി കേന്ദ്ര സരക്കാരും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ: എങ്കിൽ അവ എന്താണെന്നും അതിൻമേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്താമക്കുമോ;

(സി) റവന്യു കമ്മിയും ധനക്കമ്മിയും കൂടിവരുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴത്തെ തോതിൽ ആണെങ്കിൽ 2006 ഏപ്രിൽ മാസത്തോടെ സംസ്ഥാനത്തിന്റെ റവന്യു കമ്മിയും ധനക്കമ്മിയും എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) റവന്യുവരുമാനം വർദ്ധിപ്പിക്കാനും റവന്യുചിലവുകൾ പരമാവധി ചുരുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെലവുചുരുക്കുന്നതിനായി ഇതിനകംതന്നെ പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുള്ള വിഹിതവും സഹായവും കൃതയമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാട പ്രകാരം റവന്യുകമ്മിയും ധനകമ്മിയും ക്രമേണ കുറച്ചുകൊണ്ട് 2005 ആകുമ്പോഴേക്കും റവന്യുകമ്മി പൂർണ്ണമായും ഇല്ലാതാക്കുകയാണ് ലക്ഷ്യം.

(ബി) ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പരിപാടിയുടെ രൂപരേഖ പ്രകാരം അഞ്ചുവർഷം കൊണ്ട് റവന്യകമ്മി ഇല്ലാതാക്കാൻ സംസ്താനം ഉദ്ദേശിക്കുന്നു. റവന്യകമ്മിയും ധനകമ്മിയും കുറയ്ക്കാൻ ഏഷ്യൻ വികസന ബാങ്കും കേന്ദ്ര സരക്കാരും നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്. പലിശയിനത്തിലും,പെൻഷൻ ഇനത്തിലും നൽകേണ്ടിവന്ന അധിക ചെലവും കേന്ദ്ര സഹായമായി പ്രതീക്ഷിച്ചിരുന്ന സഹായം ആ തോതിൽ ലഭിക്കാതിരുന്നതും കമ്മി വർദ്ധിക്കാൻ കാരണമായി.

(ഡി) നടപ്പുനിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനമാര്യ ഉത്തരവാദിത്ത ബിൽപ്രകാരം 2007 മാർച്ച് മാസത്തോടെ റവന്യകമ്മി ഇല്ലാതാക്കാനും ധനകമ്മി എസ്.ഡി.പി.യുടെ 1.5% ആയി നിജപ്പെടുത്താനും ഉദ്ദേശിക്കുന്നു.

## മധുരക്കള്ളിൽ നിന്ന് കേര സുധ

895. ശ്രീ. തോമസ് ചാഴികാടൻ
ശ്രീ കെ. നാരായണക്കുറുപ്പ്
ശ്രീ റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മധുരക്കള്ളിൽ നിന്ന് കേര സുധ എന്ന ആരോഗ്യ പാനീയം വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സബന്ധിച്ച സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത ആരോഗ്യപാനീയം വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിലത്തകർച്ച മൂലം കഷ്ടപ്പെടുന്ന കേര കർഷകർക്ക് സഹായകമാകും വിധം പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) (എ), (ബി) & (സി) 2002-2003 വർഷത്തെ അബ്കാരി നയത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് 01/10/2002 -ലെ ജി.ഒ നമ്പർ 143/2002/നി.വ പ്രകാരം കള്ളിൽ നിന്നും മധുരക്കള്ളിൽനിന്നും ഉല്പാദിപ്പിക്കാവുന്ന വസ്തുക്കളെയും അവയ്ക്കുള്ള വിപണന സാദ്ധ്യതകയെുംകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ഈ സമിതിയുടെ പഠന വിഷയത്തിൽ പെടുന്നതാണ്. പ്രസ്തുത സമിതിയുടെ അന്തിമ റപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ റിപ്പോർട്ട് ലഭിച്ചതിനുശേഷം അവയിലെ നിർദ്ദേശങ്ങൾ പഠിച്ചുമാത്രമേ ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കാൻ സാധിക്കുകയുള്ളു.

## സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സുഗന്ധ വ്യഞ്ജനങ്ങൾ

896. ശ്രീ. വി.കെ.ചന്ദ്രൻ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. എ.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രധാനമായി കൃഷി ചെയ്യുന്ന സുഗന്ധ വ്യഞ്ജനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ ഓരോന്നും എത്ര ഹെക്ടറിൽ കൃഷി ചെയ്യുന്നുവെന്ന് വ്യക്തമാമോ ;

(സി) മറ്റു സംസ്ഥാനങ്ങളെക്കാളും സംസ്ഥാനത്ത് കൂടുതൽ വളരുന്ന ഈ നാണ്യ വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അവ ഉപയോഗിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) സംസ്ഥാനത്ത് പ്രധാനമായി കൃഷി ചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങൾ കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, കറുവപ്പട്ട, ജാതിക്ക എന്നിവയാണ്. അടുത്ത കാലത്തായി വാനിലയും കൃഷി ചെയ്യുന്നുണ്ട്.

(ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2001-2002-ലെ കണക്കുകൾ പ്രകാരമുള്ള വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കുരുമുളക് | - | 203956 ഹെക്ടർ |
| ഇഞ്ചി | - | 10706 ഹെക്ടർ |
| മഞ്ഞൾ | - | 3558 ഹെക്ടർ |
| ഗ്രാമ്പു | - | 754 ഹെക്ടർ |
| ജാതിക്ക | - | 601 ഹെക്ടർ |
| കറുവ | - | 285 ഹെക്ടർ |
| ഏലം | - | 41336 ഹെക്ടർ |

വാനിലയെ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടില്ല.

(സി) 2003-2004 വർഷത്തെ കുരുമുളക് വികസന പദ്ധതിയിൽ മൊത്തം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജൈവ കുരുമുളക് ഉൽപ്പാദനം, വിളവെടുപ്പിനുശേഷമുള്ള സംസ്ക്കരണം, മൂല്യവർദ്ധന എന്നിവയിൽ വയനാട്, ഇടുക്കി, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിലെ കർഷകർക്കും ഫീൽഡ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. പരിശീലനത്തിനു മാത്രമായി 3.5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. മറ്റു സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മേൽ വിവരിച്ച പ്രകാരമുള്ള പരിശീലനങ്ങൾ നൽകി തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും അനുബന്ധ

പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷത്തെ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് അവയ്ക്ക് കയറ്റുമതിമേഖല രൂപീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിളകളുടെ ഗുണമേന്മ ഉറപ്പുവരുത്തി വിദേശങ്ങളിൽ ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായി രോഗപ്രതിരോധശേഷിയുള്ള നടീൽ വസ്തുക്കളും ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ചുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഷോലവന സംരക്ഷണം**

897. ശ്രീ.ജോർജ്ജ് ജെ.മാത്യു :
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ടസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ ഷോലവനങ്ങൾ നിലവിലുണ്ട് ; അവ എവിടെയെല്ലാമാണ് ;

(ബി) ഷോലവനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി എന്തെല്ലാം നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) ആയതിന്റെ ഫലമായി ഇനിമേൽ നിലവിലുള്ള ഷോലവനങ്ങൾ കയ്യേറ്റത്തിന് വിധേയമാവുകയില്ലെന്ന് ഉറപ്പാക്കാൻ കഴിയുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ടസും വകുപ്പുമന്ത്രി ) :**

(എ) സംസ്ഥാനത്ത് ഉദ്ദേശം 7000 ഹെക്ടർ (70 സ്ക്വയർകിലോമീറ്റർ) ഷോലവനങ്ങൾ ഉണ്ട്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 1400 മീറ്ററിനു മുകളിൽ വരുന്ന പശ്ചിമഘട്ട മലനിരകളിൽ ഒറ്റപ്പെട്ട തുരുത്തുകളായാണ് കേരളത്തിൽ ഷോളവനങ്ങൾ കണ്ടുവരുന്നത്. ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസറഗോഡ് ഒഴികെയുള്ള കേരളത്തിലെ മറ്റെല്ലാ ജില്ലകളിലും ഷോലവനങ്ങൾ ഉണ്ട്.

(ബി) ഷോലവനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും വേണ്ടി 2000-2001 സാമ്പത്തികവർഷംവരെ കൺസർവേഷൻ ആന്റ് ഡവലപ്മെന്റ് ഓഫ് ഹിൽ ഷോല ഫോറസ്റ്റ് എന്ന പദ്ധതി നടപ്പാക്കി വന്നിരുന്നു. 2000-2001-നുശേഷം ഷോല വനങ്ങളുടെ സംരക്ഷണത്തിന് മാത്രമായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

(സി) വനസംരക്ഷണത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിൽപ്പെടുത്തി ഷോലവനങ്ങളും സംരക്ഷിക്കാൻ കഴിയും.

**കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ**

898 ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ എ.എൻ.രാജൻബാബു :
ശ്രീ. കെ.കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്ത് നടത്തുന്ന വ്യവസായേതര വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഒൻപതാം പദ്ധതിക്കാലത്തിൽ നിന്നും വിഭിന്നമായി ബോർഡിലുള്ള സഹായം ഇപ്പോൾ കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) സംസ്ഥാന ക്ഷീരോൽപാദന മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്ഥാപനത്തിനാവശ്യമായ സഹായധനം ലഭ്യമാക്കാൻ സർക്കാർ നടപടിയെടുക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വ്യവസായേതര വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. 2002-2003 വർഷത്തിൽ സുനന്ദിനി വർഗ്ഗ കന്നുകാലികൾക്ക് ഒരു ഹേർഡ് ബുക്ക് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി 45 ലക്ഷം രൂപ നൽകിയിരുന്നു. ഇതിനുപുറമെ ബോർഡിലെ കൃഷി ഓഫീസർമാർ ക്ഷീരവികസന വകുപ്പുമായി ചേർന്ന് പുൽകൃഷി വ്യാപന പരിപാടികൾ നടത്തിയ ഇനത്തിൽ 20 ലക്ഷം രൂപ

പ്രതിഫലമായി ക്ഷീരവികസന വകുപ്പ് കെ.എൽ.ഡി ബോർഡിന് നൽകിയിട്ടുണ്ട്. 2003-2004 വർഷത്തിൽ 60 ലക്ഷം രൂപയാണ് ബോർഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(ബി) ഒൻപതാം പദ്ധതിക്കാലത്ത് കെ.എൽ.ഡി. ബോർഡിന് സർക്കാർ നൽകിയ സഹായം താഴെപ്പറയും വിധമാണ്

| | |
|---|---|
| 1997-1998 | 250 ലക്ഷം രൂപ |
| 1998-1999 | 400 ലക്ഷം രൂപ |
| 1999-2000 | 400 ലക്ഷം രൂപ |
| 2000-2001 | 200 ലക്ഷം രൂപ |
| 2001-2002 | 206.5 ലക്ഷം രൂപ |
| ആകെ | 1456.5 ലക്ഷം രൂപ |

10-ാം പദ്ധതിയിൽ 2002-2003 വർഷത്തിൽ 65 ലക്ഷം രൂപയും 2003-2004-ൽ 60 ലക്ഷം രൂപയും ആണ് അനുവദിച്ചത്. പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുവാൻ ബാദ്ധ്യതപ്പെട്ടതാകയാൽ തുടർന്ന പദ്ധതിസഹായം നൽകേണ്ടതില്ലയെന്ന പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, ഒരു പൊതുമേഖലാ സ്ഥാപനമായ കേരള കന്നുകാലി വികസന ബോർഡിനുള്ള പദ്ധതി സഹായം കുറച്ചത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## വനസംരക്ഷണ വിഭാഗത്തിന്റെ ആധുനികവൽക്കരണം

899. ശ്രീ. കെ.നാരായണക്കുറുപ്പ് :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ടസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനസമ്പത്ത് സംരക്ഷിക്കുന്നതിന് വനസംരക്ഷണ വിഭാഗം ആധുനികവല്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) വനസംരക്ഷണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് വനംവകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക വാർത്താവിനിമറ സംവിധാനങ്ങളായ മൊബൈൽ ഫോൺ, വയർലസ്, വാഹനങ്ങൾ, സാങ്കേതിക വിദ്യ ഇവ ലഭ്യമാക്കുന്നുണ്ട്.കമ്പ്യൂട്ടറധിഷ്ഠിതമായ വനഭരണ വിഭവസമ്പ്രദായംിവരുന്നു. വിവര സാങ്കേതക വിദ്യ ഉപയോഴിച്ച് വനം വകുപ്പിലെ പ്രവർത്തനങ്ങളിൽ ഭരണ സമ്പ്രദായവും ഭൂവിവര സമ്പ്രദായവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിയിൽ റെയ്ഞ്ച് അടിസ്ഥാനത്തിൽവരെ കമ്പ്യൂട്ടർവല്ക്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനത്തിന് രാജീവ്ഗാന്ധി നഗറിൽ ഒരു കമ്പ്യൂട്ടർ ഒരു കമ്പ്യൂട്ടർ പരിശീലനകേന്ദ്രം തുടങ്ങുകയും ജി.ഐ.എസ് നടപ്പിലാക്കുവാൻ ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ആവിഷ്ക്കരിക്കുന്നതിന് റൈറ്റ്സ് ന്യൂഡൽഹി എന്ന സ്ഥാപനത്തിനെ വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി 18.89 കോടിരൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഒരു സംയോജിത വനസംരക്ഷണ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വനത്തിന്റെ സമഗ്രമായ സംരക്ഷണവും ജൈവപരിപാലനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വർക്കിങ് പ്ളാൻ തയ്യാറാക്കൽ സർവേ ഡീമാർക്കേഷൻ പൂർത്തിയാക്കി വനാതിർത്തി സംരക്ഷിക്കുക, അടിസ്താന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദെശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വനാതിർത്തിയോട് ചേർന്നുകിടക്കുന്ന വനപ്രദേശത്തിന്റെ പരിപാലനം, ആദിവാസി ഊരുകളെ അടിസ്ഥാനപ്പെടുത്തി അടിയന്തിര വനവിഭവങ്ങളുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ടുള്ള ഉൾവനങ്ങളുടെ പരിപാലനം, ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിലുള്ള ഏലക്കാടുകളിലെ പാരിസ്ഥിതിക ഭദ്രത ഉറപ്പുക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏലക്കാട് പങ്കാളിത്ത പരിപാലനം, വനങ്ങളുടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം ഇവയാണ് ഇപ്പോൾ വനപങ്കാളിത്ത വനസംരക്ഷണത്തിൽ വിഭാവന ചെയ്തു നടപ്പിലാക്കിവരുന്നത്.

**കയർമേഖലയിൽ മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് പദ്ധതി**

900. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർമേഖലയിൽ മാർക്കറ്റ് ഡവലപ്പമെന്റ് അസിസ്റ്റൻസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് കേന്ദ്രവിഹിതം ളഭിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം.**

**ശ്രീമതി കെ. ആർ.ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) 1999-2000 വരെ കയർ മേഖലയിൽ നിലവിലുണ്ടായിരുന്ന റിബേറ്റ് പദ്ധതിയ്ക്കുപകരമായി 2000-2001 മുതൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് സഹകരണ മേഖലയിലും, പൊതുമേഖലയിലും മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും കയർ തൊഴിലാളികൾക്ക് ഉറപ്പുവരുത്തി അതിലൂടെ തൊഴിലാളികളുടെ ഉന്നമനവും മികച്ച തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുക, വില്പന വർദ്ധിപ്പിക്കുന്നതിന് കയർമേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾക്കും, കയർഫെഡ് കയർ സഹകരണ സംഘങ്ങൾ, കയറുല്പാദന സഹകരണ സംഘങ്ങൾ എന്നിവയ്ക്കും വർഷം മുഴുവൻ ധന സഹായം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ

(സി) ഉണ്ട്

(ഡി 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.ഡി. എ യ്ക്ക് 2000-2001 വർഷത്തേയ്ക്ക് കേന്ദ്ര വിഹിതമായി 80 ലക്ഷം രൂപയും 2001-2002 വർഷം അനുവദിച്ചതുകയിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ രണ്ടുവർഷത്തേക്ക് 140 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. അഅകെ വിൽപ്പനയുടെ ശരാശരിയുടെ 10 ശതമാനമാണ് എം.ഡി.എ. ആയി നൽകുന്നത് സംസ്ഥാനത്തിന് ആവശയമായ വിഹിതത്തിന്റെ 50% കേന്ദ്ര വിഹിതമായി ലഭിക്കുന്നില്ല. 50% കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തിവരുന്നു. എന്നാൽ കയർബോർഡിന്റെ ബഡ്ജറ്റിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് കേന്ദ്ര വിഹിതം തരിക എന്ന നിബന്ധനയുള്ളതുകൊണ്ട ബഡ്ജറ്റിലുള്ള വിഹിതം മാത്രമേ നൽകാനാവൂ എന്നാണ് കേന്ദ്രം ഇപ്പോഴും അറിയിച്ചിട്ടുള്ളത്.